# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6139 — 20.11.2019-ന് മറുപടിയ്ക്ക്

### സാമൂഹിക സാമ്പത്തിക ജാതി സർവ്വേ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.സി. കമറുദ്ദീൻ :<br>ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. ടി.വി. ഇബ്രാഹിം :<br>ശ്രീ. പി. ഉബൈദുള്ള : | എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പിന്നോക്ക സമുദായ കമ്മീഷൻ നിയമ പ്രകാരം പത്തുവർഷം കൂടുമ്പോൾ സാമൂഹിക, സാമ്പത്തിക, ജാതി സർവ്വേ നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ ; | (എ) ഇല്ല. |
| (ബി) ഇപ്രകാരം സർവ്വേ നടത്താനുള്ള ഉത്തരവാദിത്തം ആർക്കാണെന്ന് അറിയിക്കുമോ; | (ബി) സാമൂഹിക, സാമ്പത്തിക, ജാതി സർവ്വേ 2011 -ൽ കേന്ദ്ര സർക്കാർ നടത്തിയിട്ടുണ്ട്. |
| (സി) അനർഹർ ആനുകൂല്യം പറ്റുന്നതായുള്ള സംശയങ്ങൾ ഒഴിവാക്കുന്നതിനും അർഹതപ്പെട്ടവരെ ഉൾപ്പെടുത്തുന്നതിനും, പിന്നോക്ക കമ്മീഷൻ ആക്ട് പ്രകാരം സാമൂഹിക, സാമ്പത്തിക, ജാതി സർവ്വേ നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | (സി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഇന്ദ്രാ സാഹ്നി കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട മുന്നോക്കക്കാരെ കണ്ടെത്തുന്നതിനും അത്തരം അനർഹരെ സംവരണാനുകൂല്യങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനും ക്രീമിലെയർ വ്യവസ്ഥകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ